Vol-1,N0:21
08-09-2007

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

# ജാഗ്രത

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**പ്രധാനവാർത്തകൾ**

01. അഭയക്കേസ് : സന്യസ്തരെ അവഹേളിക്കാനുള്ള മാധ്യമ വ്യഗ്രത ശക്തം.
02. അഭയക്കേസ് : വൈദികരിൽ മാത്രമായി അന്വേഷണം കേന്ദ്രീകരിക്കുന്നതിൽ പ്രതിഷേധം.
03. ന്യൂനപക്ഷാവകാശ ധ്വംസനത്തെ ചെറുക്കുക: സീറോ മലബാർ സഭ.
03. കള്ളിനു പകരം ചാരായം, കള്ളനോട്ടിനെക്കാൾ ലാഭകരം.
04. പ്ലാസ്റ്റിക് നിരോധനം നിലവിൽ വന്നു.
05. വിദ്യാഭ്യാസം സർക്കാരിന്റെ ഔദാര്യമല്ല :- മാർ വലിയമറ്റം.
06. ജനസംഖ്യയുടെ 70 ശതമാനം പിന്നോക്കക്കാരെന്ന് സർവെ.
07. ഇടവകകളിൽ കമ്യൂണിക്കേഷൻ ചാനൽ സംവിധാനം നടപ്പാക്കും.
08. കെ. സി. ബി. സി പ്രൊഫഷണൽ നാടകമേള 21 മുതൽ 30 വരെ പാലാരിവട്ടം പ. ഒ. സി. യിൽ.

**01. അഭയക്കേസ് : സന്യസ്തരെ അവഹേളിക്കാനുള്ള മാധ്യമ വ്യഗ്രത ശക്തം.- കെ. സി. ബി. സി ഐക്യ-ജാഗ്രതാ കമ്മീഷൻ.**

സി. അഭയ കേസുമായി ബന്ധപ്പെടുത്തി വൈദികരെയും സന്യസ്തരെയും അവഹേളിക്കുവാനുള്ള മാധ്യമങ്ങളുടെ അമിത താത്പര്യത്തിൽ കെ. സി. ബി. സി ഐക്യ ജാഗ്രതാ കമ്മീഷൻ ആശങ്ക പ്രകടിപ്പിച്ചു. വൈദികരെയും സിസ്റ്റർമാരെയും സ്വഭാവഹത്യ നടത്താനുള്ള പ്രവണത ചില മാധ്യമങ്ങളിൽ വർദ്ധിച്ചു വരികയാണെന്നും അത് മനുഷ്യത്വരഹിതമാണെന്നും ഐക്യ ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ ആരോപിച്ചു. സി. അഭയയുടെ മരണത്തെ തുടർന്നുള്ള അന്വേഷണങ്ങളിൽ സത്യം തെളിയിക്കുവാൻ വേ എല്ലാ സഹായവും സഹകരണവും കോട്ടയം അതിരൂപതയും കേരളകത്തോലിക്കാസഭയും നൽകിയിട്ടു്; ഇപ്പോഴും നൽകുന്നുമു്. മാത്രമല്ല സത്യത്തിനും നീതിക്കും വേ എന്നും നിലകൊള്ളുന്നതാണ് കത്തോലിക്കാ സഭ. അടിസ്ഥാന രഹിതമായ വാർത്തകൾ സൃഷ്ടിക്കുന്നതു വഴി സന്യസ്തരേയും അവർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളെയും ഇടിച്ചു താഴ്ത്താനുള്ള ഒരു സംഘടിത ശ്രമം നടക്കുന്നു്. വാർത്ത സൃഷ്ടിക്കുവനായി മാത്രം സ്വഭാവഹത്യ നടത്തുന്ന മാധ്യമങ്ങൾ വൈദികരേയും സന്യസ്തരേയും വെറുതെ വിടണമെന്നും കേസിനെ അതിന്റെ വഴിയെ നീങ്ങാൻ അനുവദിക്കണമെന്നും കമ്മീഷൻ സെക്രട്ടറി അഭ്യർത്ഥിച്ചു.

**02. അഭയക്കേസ് : വൈദികരിൽ മാത്രമായി അന്വേഷണം കേന്ദ്രീകരിക്കുന്നതിൽ പ്രതിഷേധം.**

(Malayala Manorama 05-08-2007)

സിസ്റ്റർ അഭയയുടെ മരണവുമായി ബന്ധപ്പെട്ടുള്ള അന്വേഷണം വൈദികരെയും കന്യാസ്ത്രീകളെയും മാത്രം കേന്ദ്രീകരിച്ചാകുന്നതിൽ ആർച്ച് ബിഷപ് മാർ മാത്യു മൂലക്കാട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന അതിരൂപതാ വൈദിക സമിതി ഉത്കണ്ഠയും പ്രതിഷേധവും രേഖപ്പെടുത്തി. സത്യം പുറത്തു വരണമെന്ന ആഗ്രഹത്തോടെ കഴിഞ്ഞ 15 വർഷമായി അതിരൂപതയുമായി ബന്ധപ്പെട്ട എല്ലാവരും വിവിധ അന്വേഷണ ഏജൻസികളുമായി സഹകരിച്ചിട്ടു്. അതുകൊാണ് അതിരൂപതയിലെ വൈദികരും കന്യാസ്ത്രീകളും അന്വേഷണ ഏജൻസി ആവശ്യപ്പെട്ട എല്ലാ പരിശോധനകൾക്കും വിധേയരാകുവാൻ സമ്മതിച്ചത്. വ്യത്യസ്ത അന്വേഷണ ഏജൻസികളുടെ റിപ്പോർട്ടുകളിൽ ഇവർക്കെതിരെ തെളിവു ലഭിച്ചിട്ടില്ലെന്നാണു മനസ്സിലാക്കുന്നത്.

കോടതി നിർദേശ പ്രകാരം ഇപ്പോൾ പുനരന്വേഷണം നടത്തുന്ന ഏജൻസിയോടും അതിരൂപത പൂർണ്ണമായി സഹകരിക്കുന്നു്. അതുകൊാണ് വൈദികരും കന്യാസ്ത്രീകളും നാർക്കോ അനാലിസിസ് പോലുള്ള ടെസ്റ്റുകൾക്ക് സമ്മതം നൽകിയതും വിധേയരായതും. അഭയയുടെ മരണത്തിൽ വൈദികർക്കും കന്യാസ്ത്രീകൾക്കും പങ്കില്ലെന്ന് ഉറച്ച ബോധ്യമു്. വൈദികരെയും കന്യാസ്ത്രീകളെയും മാത്രം കേന്ദ്രീകരിച്ചാണ് ഇപ്പോഴത്തെ അന്വേഷണമെന്ന ധാരണയാണു വാർത്താ മാധ്യമങ്ങൾ നൽകുന്നത്. ഇതിൽ ഉത്കണ്ഠയും പ്രതിഷേധവുമു്. ഈ സമീപനം സത്യം കത്തുെന്നതിനു തടസ്സമാകുമെന്ന് ഭയപ്പെടുന്നു. സത്യം കത്തുെന്നതിനുള്ള പരിശ്രമങ്ങളിൽ അന്വേഷണ ഏജൻസിയും മാധ്യമങ്ങളും കൂടുതൽ ഉത്തരവാദിത്വം പുലർത്തണം- വൈദിക സമിതി സെക്രട്ടറി റവ. ഡോ. ജേക്കബ് മുല്ലൂർ പ്രസ്താവനയിൽ പറഞ്ഞു.

03. **ന്യൂനപക്ഷാവകാശ ധ്വംസനത്തെ ചെറുക്കുക:സീറോ മലബാർ സഭ.**(Malayala Manorama 2-08-2007)

ന്യൂനപക്ഷാവകാശ സംരക്ഷണത്തിന് ഒറ്റക്കെട്ടായി പ്രവർത്തിക്കാൻ സീറോ മലബാർ സഭാ സൂനഹദോസ് ആഹ്വാനം ചെയ്തു. കേരളത്തിൽ വിദ്യാഭ്യാസ രംഗത്തെ ന്യൂനപക്ഷാവകാശ ധ്വംസനത്തെ എതിർക്കണം. നിരീശ്വര ചിന്തകൾ കുട്ടികളിൽ അടിച്ചേല്പിക്കാനുള്ള ശ്രമങ്ങളെയും എതിർക്കണമെന്ന് മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ വർക്കി വിതയത്തിലിന്റെ അധ്യക്ഷതയിൽ ചേർന്ന സൂനഹദോസ് ആഹ്വാനം ചെയ്തു. പകർച്ചപ്പനി, പ്രകൃതിക്ഷോഭം എന്നിവയാൽ ബുദ്ധിമുട്ടുന്നവരെ സഹായിക്കാൻ സഭാംഗങ്ങൾ ഒറ്റക്കെട്ടായി പ്രവർത്തിക്കണം. രൂപതകളിലെ സോഷ്യൽ സർവീസ് സൊസൈറ്റികളിലും മറ്റും ജനപങ്കാളിത്തത്തോടെ ചിക്കൻ ഗുനിയയ്ക്കെതിരെയും കാലവർഷക്കെടുതിമൂലം ബുദ്ധിമുട്ടുന്നവർക്കു വേിയും പ്രവർത്തിച്ചെങ്കിലും ദുരിതാശ്വാസ മേഖലയിൽ സർക്കാർ വേത്ര നടപടികൾ സ്വീകരിച്ചില്ല.

പകർച്ചപ്പനിയുടെ ഉറവിടം കത്തൊനും ഫലപ്രദമായ ചികിൽസ ആവിഷ്കരിക്കാനും ഏകോപിത ശ്രമം വേണം. വീടുകളിൽ മാലിന്യ സംസ്കരണം, കൊതുകു നശീകരണം, ജൈവ കൃഷി വ്യാപകമാക്കൽ എന്നിവയിൽ ഇടവകകളിൽ പരിശീലനം നൽകണം. ദീപിക പത്രം നടത്തിപ്പു സംബന്ധിച്ച പ്രശ്നങ്ങളും സൂനഹദോസ് ചർച്ച ചെയ്തു. അൽമായ നേതൃത്വം വളർത്തിയെടുക്കേതാവശ്യമാണ്. എ. കെ. സി. സി ശക്തിപ്പെടുത്താനും നടപടികളെടുക്കും. ആരാധനക്രമം സംബന്ധിച്ച പട്ടദാനശുശ്രൂഷകളും വൈദീക പരിശീലനത്തിനുള്ള ചട്ടങ്ങളും പ്രസിദ്ധീകരിച്ചു. സന്യസ്തരുടെ വ്രതവാഗ്ദാനക്രമവും അംഗീകരിച്ചു. കേരളത്തിനു പുറത്തുള്ള സഭാപ്രവർത്തനങ്ങൾ സംബന്ധിച്ച് മാർ ഗ്രേഷ്യൻ മുാടന്റെ റിപ്പോർട്ടും ചർച്ച ചെയ്തു.

03. **കള്ളിനു പകരം ചാരായം, കള്ളനോട്ടിനെക്കാൾ ലാഭകരം.** (Mathrubhumi 01-08-2007)

ആവണീശ്വരത്ത് മൂന്നുപേരുടെ മരണത്തിന് ഇടയാക്കിയ മദ്യ ദുരന്തത്തിൽപ്പെട്ടവർ കുടിച്ചത് കള്ളല്ലെന്നും സ്പിരിറ്റ് കലക്കിയ ചാരായം ആണെന്നും തെളിഞ്ഞിരിക്കുകയാണ്. തെക്കൻ കേരളത്തിലെ ബഹുഭൂരിപക്ഷം ഷാപ്പുകളിലും കള്ളെന്ന പേരിൽ വിതരണം ചെയ്യുന്നത് ചാരായമാണ്. സ്പിരിറ്റിന്റെ ഇരട്ടി വെള്ളം ചേർത്താണ് ചാരായം ഉാക്കുന്നത്. 35 ലിറ്റർ വീതം അടങ്ങിയ 340 കന്നാസുകൾ നിറച്ചതാണ് ഒരു ഫുൾലോഡ് സ്പിരിറ്റ്. അതിൽ 12,000 ലിറ്റർ ഉാവും. സ്പിരിറ്റ് മൂന്നുതരമു്. കുറഞ്ഞതരം സ്പിരിറ്റിന് ഒന്നരരൂപയാണ് വില. ഇടത്തരത്തിന് രര ലക്ഷം മുതൽ 4 ലക്ഷം വരെയാണ് വില. മൊബൈൽ ഫോൺ ഉൾപ്പടെയുള്ള പൈലറ്റ് എസ്കോർട്ട് സന്നാഹങ്ങളോടെ ഒരു ലോഡ് സ്പിരിറ്റ് കടത്താൻ എക്സൈസ്-പോലീസ് ഉദ്യോഗസ്ഥർക്കും രാഷ്ട്രീയക്കാർക്കും നൽകോി വരുന്ന കൈക്കൂലി 7 ലക്ഷം രൂപ വരും. ഒരു ലോഡ് സ്പിരിറ്റിന്റെ ശരാശരി വില മൂന്നു ലക്ഷം രൂപ. ആകെ ചെലവ് 10 ലക്ഷം വരെ.

12,000 ലിററർ സ്പിരിറ്റിൽ നിന്ന് 36,000 ലിററർ ചാരായം ഉാക്കാം. ഒരു ലിററർ ചാരായത്തിന് 200 രൂപയാണ് വില. 36,000 ലിററർ ചാരായത്തിന് 72 ലക്ഷം രൂപ. ലാഭം 62 ലക്ഷം രൂപ. ലാഭം മുതൽമുടക്കിന്റെ 600 ശതമാനത്തിലേറെ. കള്ളനോട്ട് അടിച്ചാൽ പോലും ഇത്ര ലാഭം കിട്ടില്ല. 2007 ഏപ്രിൽ 1-ന് കർണാടകത്തിൽ ചാരായനിരോധനം ഏർപ്പെടുത്തുന്നതു വരെ കേരളത്തിലേക്ക് ഏറ്റവും കൂടുതൽ സ്പിരിററ് എത്തിയിരിക്കുന്നത് അവിടെ നിന്നാണ്. കർണാടകത്തിലെ ചാരായ നിരോധനത്തോടെ മഹാരാഷ്ട്ര, ഉത്തർ പ്രദേശ്, ആന്ധ്രപ്രദേശ്, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നായി കേരളത്തിലേക്കുള്ള സ്പിരിറ്റ് കടത്ത്. കർണാടകത്തിൽ നിന്ന് കുറഞ്ഞ അളവിൽ സ്പിരിറ്റ് എത്തുന്നു്. ഒരു വർഷം 88 ലക്ഷം ലിറ്റർ സ്പിരിറ്റ് കേരളത്തിലേക്ക് കടത്തുന്നതായി കണക്കാക്കപ്പെടുന്നു. അതായത് 800 നും 850-നും മധ്യേ ലോഡ് സ്പിരിറ്റ്. പ്രതിദിനം 2-3 ലോഡ് സ്പിരിറ്റ് കേരള അതിർത്തി കടന്നുവരുന്നു്.

05. **വിദ്യാഭ്യാസം സർക്കാരിന്റെ ഔദാര്യമല്ല- മാർ വലിയമറ്റം.** (Deepika 03-08-2007)

വിദ്യാഭ്യാസം സർക്കാരിന്റെ ഔദാര്യമല്ലെന്ന് തലശേരി ആർച്ച് ബിഷപ് മാർ ജോർജ്ജ് വലിയമറ്റം. കാസർഗോട് ജില്ലയിലെ വെള്ളരിക്കുൽ തലശേരി, കോട്ടയം അതിരൂപതകളുടെയും കണ്ണൂർ, ബത്തേരി രൂപതകളുടെയും നേതൃത്വത്തിൽ സർക്കാരിന്റെ ന്യൂനപക്ഷാവകാശ ധ്വംസനത്തിനെതിരെ നടന്ന പ്രതിഷേധ പ്രകടനവും പൊതുസമ്മേളനവും ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. വിശ്വാസം വിട്ട് ക്രൈസ്തവൻ ഒരിടത്തേക്കുമില്ല. കഞ്ഞികുടിക്കാതെയുാക്കിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിശ്വാസത്തിന്റെ ഭാഗമാണ്. അതുകൊാണ് പള്ളിയോടൊപ്പം പള്ളിക്കൂടവും വന്നത്. സർക്കാരിന്റെ പാവങ്ങളോടുള്ള സ്നേഹം നാം കുകൊിരിക്കുകയാണെന്നും അദ്ദേഹം പരിഹസിച്ചു. സാമ്രാജ്യത്വം കെട്ടിപ്പടുക്കുന്നതിലാണ് മാർക്സിസ്റ്റ് പാർട്ടി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. 58-ലെ സർക്കാരാണോ ഇന്നത്തേതെന്നു നാം ചിന്തിക്കണം. സംസ്ഥാനത്തെ വിദ്യാഭ്യാസത്തിനു തുരങ്കം വയ്ക്കുന്നവർ കർണാടകത്തിലെ വിദ്യാഭ്യാസ ലോബിയിൽ നിന്ന് പണം പറ്റുന്നവരാണ്. സഭയുടെ മക്കൾ ചതിയിൽപ്പെടരുതെന്നും അദ്ദേഹം പറഞ്ഞു. തങ്ങളുടെ കുട്ടികളെ സ്വന്തം സ്ഥാപനങ്ങളിൽ പഠിപ്പിക്കാനുള്ള അവകാശം സഭയ്ക്കുന്നെും അദ്ദേഹം പറഞ്ഞു.

06. **ജനസംഖ്യയുടെ 70 ശതമാനം പിന്നോക്കക്കാരെന്ന് സർവെ.** (Deshabhimani 04-08-2007)

ഇന്ത്യൻ ജനസംഖ്യയുടെ ഏകദേശം 70 ശതമാനം പട്ടികജാതി, പട്ടികവർഗമുൾപ്പടെയുള്ള പിന്നോക്ക വിഭാഗക്കാരാണെന്ന് പഠനം. നാഷണൽ സാമ്പിൾ സർവെ ഓർഗനൈസേഷൻ നടത്തിയ സർവെയിലാണ് പുതിയ വെളിപ്പെടുത്തൽ. 2001-ലെ സെൻസസിൽ 16.6 ശതമാനമായിരുന്ന പട്ടികജാതിക്കാർ 19.59 ആയി ഉയർന്നു. പട്ടികവർഗക്കാരുടേത് സെൻസസ് പ്രകാരം 8.2 ശതമാനം ആയിരുന്നത് 8.6 ആയിട്ടു്. മറ്റു പിന്നോക്കവിഭാഗക്കാരുടെ കണക്ക് സെൻസസിൽ പറയുന്നില്ല. എന്നാൽ സർവെ പ്രകാരം ഒ.ബി.സി വിഭാഗക്കാരുടെ കണക്ക് സെൻസസിൽ പറയുന്നില്ല. എന്നാൽ സർവെ പ്രകാരം ഒ.ബി.സി വിഭാഗക്കാർ 41 ശതമാനമാണ്. കേരളം, തമിഴ്നാട്, ബിഹാർ, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ ജനസംഖ്യയുടെ അമ്പത് ശതമാനത്തിലേറെ ഒ.ബി.സി വിഭാഗത്തിൽപ്പെട്ടവരാണ്. തമിഴ്നാട്ടിൽ 74.4 വിതം നഗരവാസികളും ഒ.ബി.സി വിഭാഗക്കാരാണ്. ബിഹാറാണ് രാം സംസ്ഥാനത്ത്. ബിഹാറിലെ ഗ്രാമീണരിൽ 59.94 ശതമാനവും നഗരവാസികളിൽ 57.64 ശതമാനവും ഒ.ബി.സി വിഭാഗങ്ങളാണ്. കേരളത്തിലെ ഗ്രാമീണരിൽ 62.88 ശതമാനം പേരും നഗരവാസികളുടെ 59.39 ശതമാനവും ഒ.ബി.സിക്കാരാണ്. ജമ്മു കാശ്മീർ, പഞ്ചാബ്, ഹിമാചൽ പ്രദേശ്, ഉത്തരാഞ്ചൽ, വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ, പശ്ചിമ ബാംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിൽ ഒ.ബി.സി വിഭാഗക്കാർ 25 ശതമാനത്തിൽ താഴെയാണ്.

07. **ഇടവകകളിൽ കമ്യൂണിക്കേഷൻ ചാനൽ സംവിധാനം നടപ്പാക്കും.** (Mangalam 04-08-2007)

വിവരസാങ്കേതിക രംഗത്തെ നൂതന സംവിധാനങ്ങൾ മിഷൻ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ സീറോ മലബാർ സഭയ്ക്ക് പദ്ധതി. ഇതിന്റെ ഭാഗമായി ഇടവകകളെ പരസ്പരം ബന്ധിപ്പിക്കുന്ന പ്രത്യേക ഇന്റർനെറ്റ് കമ്യൂണിക്കേഷൻ ചാനൽ സംവിധാനം നടപ്പാക്കും. സഭയുടെ എപ്പിസ്കോപ്പൽ സൂന്നഹദോസിന്റെ തീരുമാനപ്രകാരമാണ് സഭയുടേതായി പ്രത്യേക ഇന്റർനെറ്റ് വാർത്താവിനിമയ സംവിധാനം ഉാക്കുന്നത്. സീറോ മലബാർ ചർച്ച് ഇന്റർനെറ്റ് മിഷൻ പദ്ധതിയുടെ ഭാഗമായാണ് ഈ സംരംഭം. എല്ലാ രൂപതകളെയും സന്യാസസഭകളെയും ഇടവകകളെയും സ്ഥാപനങ്ങളെയും സംഘടനകളെയും പരസ്പരം ബന്ധിപ്പിക്കുകായണ് ഇന്റർനെറ്റ് മിഷൻ പദ്ധതിയുടെ ലക്ഷ്യം. കാക്കനാട്ടുള്ള മേജർ ആർച്ച് ബിഷപ് എപ്പിസ്കോപ്പൽ കൂരിയായുമായി ഇവയെ ബന്ധിപ്പിക്കും. കൂരിയായുടെ മേൽനോട്ടത്തിലായിരിക്കും പദ്ധതി നടപ്പാക്കുക. സാധാരണക്കാർക്ക് കാര്യങ്ങൾ വിദഗ്ദ്ധരുമായി ചർച്ച ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ, പബ്ലിക്ക് ഗൈഡ് ലൈൻ സർവീസുകൾ, ഇന്റർനെറ്റ് കൗൺസലിംഗ്, പ്രയർ റൂം, സസ്കേൂൾ അധ്യാപകർക്കുള്ള പരിശീലന ക്ലാസ്സുകൾ, വിദ്യാർത്ഥികൾക്കുള്ള പ്രസന്റേഷൻ ക്ലാസുകൾ, ഓൺലൈൻ ചാരിറ്റി തുടങ്ങിയ സംവിധാനങ്ങളും പ്രൊജക്ട് ലക്ഷ്യമിടുന്നു. സഭയുടേതായ പോർട്ടൽ വെബ്സൈറ്റു വഴി ധാരാളം വിവരങ്ങളും വാർത്തകളും സൽകുന്നതോടൊപ്പം സഭാ പ്രവർത്തനത്തെപ്പറ്റി പൊതുജനങ്ങൾക്ക് മനസിലാക്കാനുള്ള സൗകര്യങ്ങളും ഉാവും. എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും പരിശീലകരെ വിട്ട് പദ്ധതി നടത്തിപ്പിൽ പരിശീലനം നൽകാനാണ് സഭ ആലോചിക്കുന്നത്. അതിനായി ഓരോ ഇടവകയിലും വോളിയറെ കത്തെി പ്രത്യേക പരിശീലനം

നൽകും. വാർത്താവിനിമയ രംഗത്തെ നൂതന സാധ്യതകൾ സഭാ ഭരണരംഗത്തും മിഷൻ പ്രവർത്തനങ്ങളിലും ഉപയോഗപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതുവഴി സഭാപ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും വാർത്താവിനിമയ സംവിധാനങ്ങൾ വേഗത്തിലാക്കാനും സാധിക്കുമെന്നാണ് സഭാ നേതൃത്വത്തിന്റെ കണക്കുകൂട്ടൽ. ബിഷപ്പുമാരായ മാർ ഗ്രിഗറി കരോട്ടംമ്പ്രയിൽ ചെയർമാനും മാർ ജോസഫ് പൊരുന്നേടം വൈസ് ചെയർമാനുമായ ഗവേണിംഗ് ബോഡിയാണ് പ്രൊജക്ടിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. ഭാവിയിൽ ഇന്റർനെറ്റ് മിഷന്റെ കീഴിൽ കൂടുതൽ ഇലക്ട്രോണിക് കമ്യൂണിക്കേഷൻ സംവിധാനങ്ങൾ നടപ്പിലാക്കാനാണ് പദ്ധതി.

08. **കെ. സി. ബി. സി പ്രൊഫഷണൽ നാടകമേള 21 മുതൽ 30 വരെ പാലാരിവട്ടം പി. ഒ. സി. യിൽ.**

നന്മനിറഞ്ഞ മനസ്സുകളുടെ കലാസംഗമവേദിയായ കെ. സി. ബി. സി പ്രൊഫഷണൽ നാടകമേളയ്ക്ക് ഇരുപത് വയസ്സ്. നാടിന്റെ അകമായ നാടകങ്ങളിലെ നന്മ നിറഞ്ഞ കലാവിഷ്ക്കാരങ്ങൾക്ക് ര് ദശകങ്ങളായി മുടങ്ങാതെ വർഷം തോറും അരങ്ങൊരുക്കി വരുന്ന ഈ അഖില കേരള പ്രൊഫഷണൽ നാടകമേളയുടെ വിംശതി ആഘോഷസമ്മേളനം 2007 സെപ്റ്റംബർ 21-ാം തിയതി വൈകുന്നേരം 5.30-ന് പാലാരിവട്ടം പി. ഒ. സി യിൽ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ ഉദ്ഘാടനം ചെയ്യും. കെ. സി. ബി. സി മീഡിയാ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ തോമസ് ചക്യത്ത് ഉത്ഘാടനസമ്മേളനത്തിൽ അധ്യക്ഷത വഹിക്കും. കലാസാംസ്ക്കാരിക രംഗത്തെ പ്രമുഖർ ചടങ്ങിൽ പങ്കെടുക്കും. സെപ്റ്റംബർ 21 മുതൽ 30 വരെയാണ് നാടകമേള. എല്ലാദിവസവും വൈകുന്നേരം 6-നാണ് നാടകമാരംഭിക്കുക.

തൃശൂർ രജപുത്ര അവതരിപ്പിക്കുന്ന പുറപ്പാട് എന്ന നാടകമാണ് ആദ്യദിനത്തിൽ അവതരിപ്പിക്കുക. ആരും കൊതിക്കുന്ന മണ്ണ് (കൊല്ലം അരീന) നന്മയുടെ പൂക്കാലം (ഓച്ചിറ സരിഗ), കരിങ്കുരങ്ങ് (വൈക്കം മാളവിക), മഞ്ഞുമേഞ്ഞ വീട് (കാഞ്ഞിരപ്പള്ളി അമല), രാഷ്ട്രപിതാവ് (ചങ്ങനാശ്ശേരി അണിയറ), അച്ഛൻ മികച്ച നടൻ (ദർശൻ കമ്മ്യൂണിക്കേഷൻസ് ഇരിങ്ങാലക്കുട), വെൺതൂവൽ (തൃശൂർ വസുന്ധര), വായാടിക്കുന്നിലെ വർത്തമാനങ്ങൾ (കൊച്ചിൻ സംഗമിത്ര), ദൈവപുത്രൻ (കേരള കലാ അക്കാദമി മാവേലിക്കര)എന്നിവയാണ് പിന്നീടുള്ള ദിവസങ്ങളിൽ അവതരിപ്പിക്കുന്ന നാടകങ്ങൾ. പ്രവേശനം പാസ്സുമൂലം നിയന്ത്രിക്കുന്നതാണ്.